25687
11/12/14

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - വിവിധ സർക്കാർ വകുപ്പുകളിൽ ദുരന്ത ലഘൂകരണ സാങ്കൽപ്പിക കേഡർ (virtual cadre) രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ വകുപ്പ്**

സ.ഉ.(സാധാ)നം.**56/2017/ഡി.എം.ഡി.** തിരുവനന്തപുരം, തീയതി, **25 നവംബർ 2017**

---

പരാമർശം:- 1. 09/09/2016-ലെ സ.ഉ(സാധാ)നം.3667/2016/ഡി.എം.ഡി നമ്പർ ഉത്തരവ്.

2. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറിയുടെ 17/04/2017-ലെ ഡി.എം/414/17/എസ്.ഡി.എം.എ നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) പ്രകാരം അംഗീകരിച്ച സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതിയുടെ അദ്ധ്യായം 5.3 പ്രകാരം എല്ലാ പ്രധാന വകുപ്പുകളിലും 15 ജീവനക്കാർ ഉൾപ്പെടുന്ന ഒരു virtual cadre ഉണ്ടാകണം എന്ന് നിഷ്കർഷിക്കുന്നു. ദീർഘകാല അടിസ്ഥാനത്തിൽ ദുരന്ത ലഘൂകരണം എന്നത് ഓരോ വകുപ്പിന്റെയും തുടർ പ്രവർത്തനത്തിന്റെ ഭാഗമാക്കുന്നതിന് അതാത് മേഖലയിൽ സാങ്കേതിക വൈദഗ്ധ്യവും താൽപ്പര്യവും ഉള്ള ഉദ്യോഗസ്ഥരെ നിരന്തരം പരിശീലിപ്പിക്കുകയും ചുമതലപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്. ദുരന്ത ലഘൂകരണ പദ്ധതി പ്രകാരം താഴെ ചേർത്തിരിക്കുന്ന 25 വകുപ്പുകളിൽ ദുരന്ത ലഘൂകരണ സാങ്കൽപിക കേഡർ സൃഷ്ടിക്കുന്നതിനായി നടപടി സ്വീകരിക്കണമെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ മെമ്പർ സെക്രട്ടറി പരാമർശം (2) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

1. ലാൻഡ് റവന്യൂ
2. കൃഷി
3. ജലസേചനം (മൈനർ)
4. ജലസേചനം (മേജർ)
5. കേരള വാട്ടർ അതോറിറ്റി
6. ഭൂജല വകുപ്പ്
7. ഖനനവും ജിയോളജിയും വകുപ്പ് (Mining & Geology)
8. മൃഗ സംരക്ഷണം
9. ക്ഷീര വികസനം
10. ആരോഗ്യം
11. പൊതു വിദ്യാഭ്യാസ വകുപ്പ്
12. ഹയർ സെക്കന്ററി എഡ്യൂക്കേഷൻ വകുപ്പ്
13. കോളേജ് വിദ്യാഭ്യാസം (Directorate of Collegiate Education)
14. വ്യവസായ വകുപ്പ്
15. മത്സ്യബന്ധന വകുപ്പ്
16. ഭക്ഷ്യ-പൊതു വിതരണ വകുപ്പ്
17. വനം വകുപ്പ്
18. തുറമുഖ വകുപ്പ്
19. പൊതു മരാമത്ത് വകുപ്പ്
20. തദ്ദേശ സ്വയംഭരണ വകുപ്പ് (നഗരകാര്യം)
21. തദ്ദേശ സ്വയംഭരണ വകുപ്പ് (പഞ്ചായത്ത്)
22. മണ്ണ് സംരക്ഷണ വകുപ്പ്

23. നോർക്ക
24. ടൂറിസം വകുപ്പ്
25. വിവര-പൊതുജന സമ്പർക്ക വകുപ്പ് (I & PRD)

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽപ്പറഞ്ഞ 25 വകുപ്പുകളിലെയും ചുമതലപ്പെട്ട ഉദ്യോഗസ്ഥരെ ചേർത്തുകൊണ്ട് സംസ്ഥാനത്ത് ദുരന്ത ലഘൂകരണ സാങ്കൽപ്പിക കേഡർ സൃഷ്ടിക്കുന്നതിനായി, ഓരോ വകുപ്പിൽ നിന്നും ഒരു ജില്ലയിൽ ഒരു ഉദ്യോഗസ്ഥനെന്ന കണക്കിൽ ജില്ലാടിസ്ഥാനത്തിൽ ആകെ 14 ഉദ്യോഗസ്ഥരും, സംസ്ഥാനതലത്തിൽ പ്രവർത്തിക്കുന്നതിനായി ഒരുദ്യോഗസ്ഥനും ആയി ആകെ 15 ഉദ്യോഗസ്ഥരുടെ പേരു വിവരങ്ങൾ അവരുടെ യോഗ്യതകളും വിശദാംശങ്ങളും സഹിതം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറിക്ക് (സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്, വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം - 33., e-mail- keralasdma@gmail.com) 31/12/2017-നു മുമ്പായി നൽകുന്നതിന് വകുപ്പ് മേധാവികൾക്ക് നിർദ്ദേശം നൽകി ഉത്തരവാകുന്നു.

<u>ഉദ്യോഗസ്ഥരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ</u>

1. സംസ്ഥാന തലത്തിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥ/ഉദ്യോഗസ്ഥൻ വകുപ്പിന്റെ സംസ്ഥാന കാര്യാലയത്തിൽ പ്രവർത്തിക്കുന്നതായിരിക്കണം.
2. അതാത് സാങ്കേതിക വകുപ്പുകളിൽ അതാതു മേഖലയിലെ അംഗീകൃത സർവ്വകലാശാല ബിരുദവും മറ്റു വകുപ്പുകളിൽ അംഗീകൃത സർവ്വകലാശാല ബിരുദവും എങ്കിലും യോഗ്യതയുള്ളതും കഴിയുന്നതും സൂപ്പർവൈസറി തസ്തികയിൽ ഉള്ളതുമായ ഉദ്യോഗസ്ഥരെ വേണം ഈ തസ്തികയിൽ നിയമിക്കുവാൻ.
3. തിരഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥർക്ക് 2018 ജനുവരിയിൽ 20 വർഷ സേവന കാലാവധി ബാക്കി ഉണ്ടാകണം.
4. സാങ്കൽപ്പിക കേഡറിൽ നിയോഗിക്കപ്പെടുന്നവർക്ക് പ്രത്യേക സാമ്പത്തിക അലവൻസുകൾ ഒന്നും ഉണ്ടായിരിക്കുന്നതല്ല.
5. അടിയന്തിര സാഹചര്യങ്ങളിൽ പ്രവർത്തിക്കുവാനുള്ള സന്നദ്ധതയുള്ളവരാകണം നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥർ.
6. ഈ കേഡറിൽ നിയോഗിക്കപ്പെടുന്നവർക്ക് അതാത് മേഖലയിലെ ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ദേശീയ/അന്തർ ദേശീയ പരിശീലനങ്ങൾ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മുഖേന ലഭ്യമാക്കുന്നതാണ്.

<u>ജില്ലാ തലത്തിൽ നിയോഗിക്കുന്നവരുടെ ചുമതലകൾ</u>

1. ജില്ലാ ദുരന്ത ലഘൂകരണ പദ്ധതി തയ്യാറാക്കുന്നതിന് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തെ സഹായിക്കുക.
2. അടിയന്തിരഘട്ടങ്ങളിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിൽ പ്രസ്തുത വകുപ്പുമായി ബന്ധപ്പെട്ട നടപടികളുടെ ചുമതല വഹിക്കുക.
3. അടിയന്തിരഘട്ടങ്ങളിൽ അതാത് വകുപ്പിന്റെ സംസ്ഥാന തലത്തിലെ virtual cadre ഉദ്യോഗസ്ഥനെയും, ജില്ലാ തലത്തിലെ അതാത് വകുപ്പിലെ മറ്റ് ഉദ്യോഗസ്ഥരെയും അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിൽ കൈക്കൊള്ളുന്ന തീരുമാനങ്ങളും നിർദ്ദേശങ്ങളും അറിയിക്കുയും, അതാത് വകുപ്പിലെ ജില്ലാ തലത്തിലെ അടിയന്തിരഘട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്യുക.
4. ജില്ലാതല, വകുപ്പുതല ദുരന്ത ലഘൂകരണ പദ്ധതി രേഖ തയ്യാറാക്കുക/വാർഷികമായി പുതുക്കുക.
5. ജില്ലാതലത്തിൽ വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥർക്കും ആവശ്യമായ ദുരന്ത ലഘൂകരണ പരിശീലനത്തിന്റെ വാർഷിക കലണ്ടർ തയ്യാറാക്കുക, പരിശീലനത്തിന് ആവശ്യമായ ഏകോപനം ഉറപ്പ് വരുത്തുക.

6. ജില്ലാ തലത്തിൽ, വകുപ്പിന്റെ വാർഷിക പദ്ധതി രേഖ ദുരന്ത സാധ്യത വർദ്ധിപ്പിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിന് ആവശ്യമായ ഉപദേശവും സഹായവും ജില്ലാതലത്തിലെ വകുപ്പ് മേധാവിക്ക് നൽകുക.

7. ജില്ലാ ദുരന്ത നിവാരണ അതോറിറ്റി അതാത് വകുപ്പുകളുടെ പ്രവർത്തന മേഖലയുമായി ബന്ധപ്പെട്ട് ഏറ്റെടുക്കുന്ന പദ്ധതികളുടെ നടത്തിപ്പ്.

<u>സംസ്ഥാന തലത്തിൽ നിയോഗിക്കുന്നവരുടെ ചുമതലകൾ</u>

1. സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതി തയ്യാറാക്കുന്നതിന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തെ സഹായിക്കുക.
2. അടിയന്തിരഘട്ടങ്ങളിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിൽ പ്രസ്തുത വകുപ്പുമായി ബന്ധപ്പെട്ട നടപടികളുടെ ചുമതല വഹിക്കുക.
3. അടിയന്തിരഘട്ടങ്ങളിൽ അതാത് വകുപ്പ് മേധാവിയെയും, ജില്ലാ തലത്തിലെ അതാത് വകുപ്പിലെ virtual cadre ഉദ്യോഗസ്ഥരെയും അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിൽ കൈക്കൊള്ളുന്ന തീരുമാനങ്ങളും നിർദ്ദേശങ്ങളും അറിയിക്കുയും, അതാത് വകുപ്പിലെ അടിയന്തിരഘട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്യുക.
4. വകുപ്പ് തല ദുരന്ത ലഘൂകരണ പദ്ധതി രേഖ തയ്യാറാക്കുക/വാർഷികമായി പുതുക്കുക.
5. വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥർക്കും ആവശ്യമായ ദുരന്ത ലഘൂകരണ പരിശീലനത്തിന്റെ വാർഷിക കലണ്ടർ തയ്യാറാക്കുക, പരിശീലനത്തിന് ആവശ്യമായ ഏകോപനം ഉറപ്പ് വരുത്തുക.
6. വകുപ്പിന്റെ വാർഷിക പദ്ധതി രേഖ ദുരന്ത സാധ്യത വർദ്ധിപ്പിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിന് ആവശ്യമായ ഉപദേശവും സഹായവും വകുപ്പ് മേധാവിക്ക് നൽകുക.
7. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി അതാത് വകുപ്പുകളുടെ പ്രവർത്തന മേഖലയുമായി ബന്ധപ്പെട്ട് ഏറ്റെടുക്കുന്ന പദ്ധതികളുടെ നടത്തിപ്പിലുള്ള സഹായം.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)

**പി.എച്ച് കുര്യൻ**

അഡീഷണൽ ചീഫ് സെക്രട്ടറി

1. ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
2. ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
3. ചീഫ് എഞ്ചിനീയർ, ഇറിഗേഷൻ ആന്റ് അഡ്മിനിസ്ട്രേഷൻ, മ്യൂസിയം, തിരുവനന്തപുരം.
4. സൂപ്രണ്ടിംഗ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ, ജലവിജ്ഞാന ഭവൻ, അമ്പലമുക്ക്, കവടിയാർ, തിരുവനന്തപുരം.
5. സൂപ്രണ്ടിംഗ് എഞ്ചിനീയർ, മേജർ ഇറിഗേഷൻ, ജലവിജ്ഞാന ഭവൻ, അമ്പലമുക്ക് , കവടിയാർ, തിരുവനന്തപുരം.
6. മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി, ജല ഭവൻ, തിരുവനന്തപുരം.
7. ഡയറക്ടർ, ഭൂജല വകുപ്പ്, ജലവിജ്ഞാന ഭവൻ, അമ്പലമുക്ക്, തിരുവനന്തപുരം.
8. ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്, കേശവദാസപുരം, പട്ടം, പാലസ് പി.ഒ, തിരുവനന്തപുരം.
9. ഡയറക്ടർ, മൃഗ സംരക്ഷണ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
10. ഡയറക്ടർ, ക്ഷീര വികസന വകുപ്പ്, പട്ടം, തിരുവനന്തപുരം.
11. ഡയറക്ടർ, ആരോഗ്യ-കുടുംബക്ഷേമ വകുപ്പ്, ജനറൽ ഹോസ്പിറ്റൽ ജംഗ്ഷൻ, തിരുവനന്തപുരം.
12. ഡയറക്ടർ, പൊതു വിദ്യാഭ്യാസ വകുപ്പ്, ജഗതി, തിരുവനന്തപുരം.
13. ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.

14. ഡയറക്ടർ, വ്യവസായ വകുപ്പ്, കേരള സർവ്വകലാശാല സെനറ്റ് ഹൗസ് ക്യാമ്പസ്, പാളയം, തിരുവനന്തപുരം.
15. ഡയറക്ടർ, മത്സ്യബന്ധന വകുപ്പ്, NGRA-40, കമലേശ്വരം, തിരുവനന്തപുരം.
16. ഡയറക്ടർ, ഭക്ഷ്യ-പൊതു വിതരണ വകുപ്പ്, തിരുവനന്തപുരം.
17. കമ്മീഷണർ, ഭക്ഷ്യ സുരക്ഷാ വകുപ്പ്, പബ്ലിക് ഓഫീസ് ബിൽഡിംഗ്, പാളയം, തിരുവനന്തപുരം.
18. പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം.
19. ഡയറക്ടർ, തുറമുഖ വകുപ്പ്, വലിയതുറ, തിരുവനന്തപുരം.
20. ചീഫ് എഞ്ചിനീയർ, പൊതു മരാമത്ത് വകുപ്പ്, പാളയം, തിരുവനന്തപുരം.
21. ഡയറക്ടർ, നഗരകാര്യ വകുപ്പ്, സ്വരാജ് ഭവൻ, നന്ദൻകോട്, കവടിയാർ, തിരുവനന്തപുരം.
22. ഡയറക്ടർ, തദ്ദേശ സ്വയംഭരണ (പഞ്ചായത്ത്) വകുപ്പ്, പബ്ലിക് ഓഫീസ് ബിൽഡിംഗ്, മ്യൂസിയം പി.ഒ, തിരുവനന്തപുരം.
23. ഡയറക്ടർ, മണ്ണ് സംരക്ഷണ വകുപ്പ്, നന്ദാവനം, തിരുവനന്തപുരം.
24. ജനറൽ മാനേജർ, നോർക്ക, നോർക്ക- റൂട്ട്സ്, നോർക്ക സെന്റർ, തൈക്കാട്, തിരുവനന്തപുരം.
25. ഡയറക്ടർ, ടൂറിസം വകുപ്പ്, പാർക്ക് വ്യൂ, തിരുവനന്തപുരം - 695 003.
26. ഡയറക്ടർ, ഹയർ സെക്കന്ററി എഡ്യൂക്കേഷൻ
27. മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്, വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം.
28. ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (I&PRD).
29 കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

പകർപ്പ് :-

ബഹു: മുഖ്യമന്ത്രിയുടെ പി.എസിന്
ബഹു: റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസിന്
ബഹു: കൃഷി വകുപ്പ് മന്ത്രിയുടെ പി.എസിന്
ബഹു: ജലസേചന വകുപ്പ് മന്ത്രിയുടെ പി.എസിന്
ബഹു: വ്യവസായ വകുപ്പ് മന്ത്രിയുടെ പി.എസിന്
ബഹു: വനം-വന്യജീവി, പരിസ്ഥിതി വകുപ്പ് മന്ത്രിയുടെ പി.എസിന്
ബഹു: തുറമുഖവും മ്യൂസിയവും പുരാവസ്തുവും പുരാരേഖയും വകുപ്പ് മന്ത്രിയുടെ പി.എസിന്
ബഹു: ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് മന്ത്രിയുടെ പി.എസിന്
ബഹു: വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പി.എസിന്
ബഹു: മത്സ്യബന്ധനവും പരമ്പരാഗത വ്യവസായവും വകുപ്പ് മന്ത്രിയുടെ പി.എസിന്
ബഹു: പൊതുമരാമത്ത് രജിസ്ട്രേഷൻ വകുപ്പ് മന്ത്രിയുടെ പി.എസിന്
ബഹു: ഭക്ഷ്യവും പൊതുവിതരണവും വകുപ്പ് മന്ത്രിയുടെ പി.എസിന്
ബഹു: തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസിന്
ബഹു: ദേവസ്വവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രിയുടെ പി.എസിന്
ചീഫ് സെക്രട്ടറിയുടെ എ.എസിന്
റവന്യൂവും ദുരന്ത നിവാരണവും അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിക്ക്,
ദുരന്ത നിവാരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്

ഉത്തരവിൻപ്രകാരം

(signature)

സെക്ഷൻ ഓഫീസർ